# INTERNATIONAL INDIAN SCHOOL DAMMAM
SUMMATIVE ASSESSMENT –II
MARCH '2016
GRADE IX

Sub: MALAYALAM

Total Marks :90
Time : 3Hrs.

## എ- വിഭാഗം

**I** താഴെ കൊടുത്തിട്ടുള്ള ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

മനുഷ്യരക്തത്തിൽ പഞ്ചസാരയുടെ അളവ് കൂടുന്ന അവസ്ഥയാണ് പ്രമേഹം, പാങ്ക്രിയാസ് എന്ന ഗ്രന്ഥി ഉത്പാദിപ്പിക്കുന്ന ഇൻസുലിൻ എന്ന ഹോർമോൺ ശരീരത്തിൽ കുറയുകയോ ഇല്ലാതാകുകയോ അല്ലെങ്കിൽ അതുപയോഗിക്കാനാവാതെ വരികയോ ചെയ്യുന്ന ഘട്ടത്തിലാണ് പ്രമേഹം ഉണ്ടാവുന്നത്. പ്രമേഹത്തെ സാധാരണഗതിയിൽ ഒരു രോഗമായി കണക്കാക്കേണ്ടതില്ല. പക്ഷെ യഥാസമയം നിരീക്ഷിച്ചു നിയന്ത്രിച്ച് നിർത്തേണ്ടതാണ്. നിയന്ത്രണമില്ലാതെ പോയാൽ അത് കരൾ, വൃക്കകൾ, ഹൃദയം, കണ്ണുകൾ എന്നിങ്ങനെ എല്ലാ അവയവങ്ങളെയും അപകടാവസ്ഥയിലാക്കും. ജീവാപായം തന്നെ സംഭവിക്കാം. കണ്ണുകളുടെ കാഴ്ച നഷ്ടപ്പെടുകയും വൃക്കകൾ പ്രവർത്തനരഹിതമാവുകയും ഹൃദയസ്തംഭനം സംഭവിക്കുകയും ചെയ്യുന്നതൊക്കെ പ്രമേഹരോഗികൾ നേരിടുന്ന ദുരന്തങ്ങളാണ്. രോഗം വന്നിട്ട് അതില്ലാതാക്കാൻ ശ്രമിക്കുന്നതിനെക്കാൾ നല്ലത് പ്രമേഹം എന്ന രോഗം വരാതിരിക്കാനുള്ള മുൻ കരുതൽ എടുക്കുക എന്നതാണ്. അതിനാൽ യൗവ്വനാവസ്ഥയിൽ തന്നെ 'മുൻ കൂർ ജാമ്യം' എടുത്ത് ഇതിൻെറ പിടിയിലകപ്പെടാതെ നോക്കുകയാണു വേണ്ടത്.

1. പ്രമേഹം എന്നാൽ എന്ത്? 2
2. പ്രമേഹരോഗം ഉണ്ടാകുന്നത് എപ്പോൾ? 2
3. പ്രമേഹം എന്ന രോഗം നിയന്ത്രിക്കാനാവാതെ വന്നാലുള്ള കുഴപ്പങ്ങൾ എന്തൊക്കെയാണ്?2
4. യൗവ്വനാവസ്ഥയിൽത്തന്നെ 'മുൻ കൂർ ജാമ്യ'മെടുത്ത് പ്രമേഹത്തിൻെറ പിടിയിലകപ്പെടാതെ നോക്കണമെന്നു പറയുന്നത് എന്തുകൊണ്ട്? 2
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം എഴുതുക. 2

## ബി- വിഭാഗം

**II** 1. നിങ്ങളുടെ ഗ്രാമത്തിലേക്കുള്ള തകർന്നു കിടക്കുന്ന റോഡിൻെറ അറ്റകുറ്റപ്പണികൾ ചെയ്യണം എന്നവശ്യപ്പെട്ടുകൊണ്ട് പൊതു മരാമത്തുവകുപ്പു മന്ത്രിക്ക് ഒരു കത്ത് തയ്യാറാക്കുക 8

2. അഞ്ചോ ആറോ വാക്യത്തിൽ ആശയം വിശദമാക്കുക 3

ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ള കാലം

അല്ലെങ്കിൽ

സുഖത്തിലുണ്ടാം സഖിമാരനേകം
ദു:ഖം വരുമ്പോൾ പുനരാരുമില്ല

അല്ലെങ്കിൽ

ബന്ധുരക്കാഞ്ചനക്കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ പാരിൽ

3. ഏതെങ്കിലും രണ്ടു ശൈലികൾ വാക്യത്തിൽ പ്രയോഗിക്കുക 2

1.പൂച്ചു തെളിയുക
2.കതിരിൽ വളം വയ്ക്കുക
3.അങ്ങാടിപ്പാട്ട്
4.മുതലക്കണ്ണീർ വാർക്കുക

4. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ചു ഒരു ഖണ്ഡിക എഴുതുക 7

1. വിദ്യാഭ്യാസത്തിൽ വാർത്താമാധ്യമങ്ങൾക്കുള്ള പങ്ക്
2. ഗ്രന്ഥപാരായണം
3. വനവത്ക്കരണം

## സി – വിഭാഗം

III a. പ്രയോഗം മാറ്റുക 2

1. മാത്തുക്കുട്ടി പത്തുരൂപനോട്ടുകൾ എടുത്ത് കടക്കാരനു കൊടുക്കുന്നു.
2. ഇല്ലാത്തവർ ചെലവാക്കി മുടിയുന്നതിനെ ഗുരു നിരോധിച്ചു.

b. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക 2

1. ആരും കാണാതിരുന്ന് രൂപയൊന്നെണ്ണി നോക്കാമെന്നു വിചാരിച്ചും ചിന്തിച്ചും വന്നപ്പോഴാ അവരുടെയൊരു കിന്നാരം
2. പാവങ്ങളുടെ മോഹങ്ങളെ ഗുരു അറിവിലേക്കും വ്യവസായത്തിലേക്കോ തിരിച്ചു

വിടുകയാണുണ്ടായത്.

c. മഹാവാക്യമാക്കുക 1

1.അമ്മ പൊതിയഴിച്ചു നോക്കി. അവരുടെ കണ്ണു നിറഞ്ഞു.

d. വിഗ്രഹിച്ചു സമാസം നിർണയിക്കുക 2

1. പ്രദ്യുമ്നസാംബന്മാർ
2. അടുക്കളവാതിൽ

e. ശരിയായ പര്യായപദങ്ങൾ എഴുതുക 1

1. മകൻ (പവനൻ,തനയൻ,അനിലൻ,സുതൻ)

f. വിപരീതപദമെഴുതുക 1

1.സമ്മതി (മധുമതി,വിമതി,ദുർമ്മതി,അഹമ്മതി)
2.ഗൗരവം (ലളിതം,അഗൗരവം,ലാഘവം, വിമലം)

g. ശരിയായ നാനാർഥപദങ്ങൾ എഴുതുക 1

1.ആദർശം (നോട്ടം,കണ്ണാടി,തത്വം,പ്രദർശനം)

h. അർഥവ്യത്യാസം എടുത്തെഴുതുക 1

1. വൃത്തി-വൃദ്ധി
(വൃത്തം,വളർച്ച,ശുചിത്വം,ബുദ്ധി)

i. എതിർലിംഗം എടുത്തെഴുതുക 1

1. ശാന്തൻ (ശാന്തി,ശാന്തിനി,ശാന്ത,മുനി)

## ഡി-വിഭാഗം

IV ബ്രായ്ക്കാറ്റിൽ നിന്ന് ശരിയായ ഉത്തരം എടുത്തെഴുതുക 6

1. പ്രാചീനമഹാകവിത്രയത്തിൽ പെടാത്ത കവിയാര്?
(കുഞ്ചൻ നമ്പ്യാർ,വൈലോപ്പിള്ളി ശ്രീധരമേനോൻ,എഴുത്തച്ഛൻ,ചെറുശ്ശേരി)

2. ആർഭാടത്തെ ഏത് അവസ്ഥയുമായാണ് എം. എൻ. വിജയൻ താരതമ്യം ചെയ്യുന്നത്?
(ഹർഷം, വിഷാദം, ഉത്സവം, ഉന്മാദം)

3. ‘അന്നം’ എന്ന കവിത എഴുതിയതാര്?
(ഒ.എൻ.വി.കുറുപ്പ്,ബാലചന്ദ്രൻ ചുള്ളിക്കാട്,മധുസൂദനൻ നായർ,മുരുകൻ കാട്ടാക്കട)

4. മാത്തുക്കുട്ടിയുടെ ആഗ്രഹം എന്തായിരുന്നു?

(പഠിച്ച് ഡോക്ടറാവണം,പട്ടി പൊട്ടിക്കാത്ത ഒരു പാത്രം വേണം,കീറാത്ത ഉടുപ്പ് വേണം, നല്ല വീട് വേണം)

5. കോഴികളെ കഥാകൃത്ത് എങ്ങനെയാണു വിശേഷിപ്പിച്ചിരിക്കുന്നത്?
(കുറുക്കൻെറ കൂട്ടുകാരികൾ,നാടിനെ ഉണർത്തുന്നവർ,ഉമ്മാൻെറ സെക്രട്ടറിമാർ, മൾട്ടിക്കമ്പനി ഉൽപ്പന്നം)

6. യാദവരെ നാശത്തിലേക്കു നയിച്ചത് എന്ത്?
(അഹങ്കാരം,മദ്യം,യുദ്ധം,നൃത്തം)

V എല്ലാ ചോദ്യത്തിനും ഉത്തരമെഴുതുക (8x4=32)

a) 1. മാത്തുക്കുട്ടി രാവിലെത്തന്നെ അമ്മച്ചിയോടൊപ്പം ചന്തയിലെത്തിയത് എന്തിനായിരുന്നു?
2. എന്തു സന്ദേശമാണു മാത്തുക്കുട്ടി എന്ന കഥാപാത്രത്തിലൂടെ ഇന്നത്തെ തലമുറയ്ക്കു ലഭിക്കുന്നത്?
3. സുഹൃത്ത് തന്നെ തിരിച്ചറിയാതിരിക്കട്ടെയെന്നു പ്രാർഥിച്ചു കഥാകൃത്ത് മുഖം വെട്ടിച്ചിരുന്നത് എന്തുകൊണ്ട്?
4. എന്തുകൊണ്ടാണു സമുദായങ്ങൾ സമൂഹത്തിനു വേണ്ടി ഇടപെടണം എന്നു പറയുന്നത്?

b) 1. മദ്യപിച്ച യാദവരുടെ സ്വഭാവത്തിൽ വന്ന മാറ്റം കവി എങ്ങനെ വർണിക്കുന്നു?
2. ഒരു വംശത്തിൻെറ നാശം മദ്യത്തിലൂടെ സംഭവിക്കുന്നു എന്നു ചെറുശ്ശേരി വർണിക്കുന്നു. ഇന്നത്തെ സമൂഹത്തിലെ അവസ്ഥയുമായി അതിനെ താരതമ്യം ചെയ്യുക.
3. ബലിച്ചോറിനെക്കുറിച്ചു കേട്ടപ്പോൾ വൈലോപ്പിള്ളിക്കുണ്ടായ ഭാവമാറ്റത്തെക്കുറിച്ചു കവി എന്തു കരുതുന്നു?
4. ‘എനിക്കു ചിരി വന്നു;ബാഹുകദിനമുന്തി-
ക്കഴിക്കുമവിടുത്തെജ്ജാതകം ബഹുകേമം’- സന്ദർഭം ആശയം അലങ്കാരം എന്നിവ നിർണയിക്കുക

VI ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്കു ഉത്തരം എഴുതുക 2x5=10

1. തേജസ്വിയായ വാഗ്മിയായി വിവേകാനന്ദൻ മാറിയതെങ്ങനെ?

2. മാതൃരാജ്യത്തിൻെറ നരകയാതന ഇല്ലാതാക്കാൻ സ്വാമി നടത്തിയ പ്രസംഗപര്യടനത്തെക്കുറിച്ചു വിവരിക്കുക
3. ഒരു ചെറിയ ഉദാഹരണം കൊണ്ട് അങ്ങ് എന്നെ സത്യത്തിലെക്കു നയിച്ചു‘- ആൾവാറിലെ രാജാവ് പറഞ്ഞ ആ സംഭവം എന്തായിരുന്നു?

--------------------------------